compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ഫെബ്രുവരി 17
Tuesday, 17th February 2026

1201 കുംഭം 5
5th Kumbham 1201

1947 മാഘം 28
28th Magha 1947

വാല്യം 15
Vol. XV

നമ്പർ 7
No.

Part III

Forest and Wildlife Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നം.**KFDDO/66767/2024-DFO TSR/TA2** ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, തൃശ്ശൂർ

തീയതി : **11.02.2026**

തൃശ്ശൂർ ഡിവിഷൻ

ദർഘാസ്/ലേലപ്പരസ്യം

തൃശ്ശൂർ ഡിവിഷനിൽ പെട്ടതും താഴെ പട്ടികയിൽ വിവരിക്കുന്നതുമായ റെയിഞ്ചുകളിലെ കശുമാവിൻ തോട്ടങ്ങളിൽ നിന്നും **30.6.2026** വരെയുള്ള കാലത്തേക്ക് കശുവണ്ടി ശേഖരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന ഏജൻസിക്കോ മറ്റു ഏജൻസികൾക്കോ കൊടുക്കുന്നതിനോ അല്ലെങ്കിൽ ശേഖരിച്ചു കൊണ്ടുപോകുതിനോ ഉള്ള അവകാശം ചുവടെ ചേർക്കു വ്യവസ്ഥകൾക്ക് വിധേയമായി പട്ടികയിൽ പറയുന്ന സ്ഥലത്തും സമയത്തും വച്ച് തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തു മറ്റു ഉദ്യോഗസ്ഥനോ പരസ്യമായി ദർഘാസ്/ലേല വ്യവസ്ഥകൾ പ്രകാരം വില്പന നടത്തുതാണ്. പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും തോട്ടങ്ങൾ ദർഘാസ്/ലേലത്തിൽ ഉൾപ്പെടുത്താതിരിക്കുന്നതിനോ പുതുതായി ഏതെങ്കിലും തോട്ടം ഉൾപ്പെടുത്തുന്നതിനോ ഉള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്.

ദർഘാസ് ഫോറങ്ങൾക്കായി തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് അപേക്ഷിക്കാവുന്നതും ആയത് പട്ടികയിൽ കാണിച്ചിരിക്കുന്ന തീയതി വരെ ലഭിക്കുന്നതുമാണ്. നിരക്ക് രേഖപ്പെടുത്തി മുദ്ര വച്ച് ദർഘാസുകൾ നിരതദ്രവ്യമടക്കം പട്ടികയിൽ പറയുന്ന സമയം വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതാണ്. വിതരണം ചെയ്ത ദർഘാസുകൾ കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല. ദർഘാസ് സമർപ്പിച്ചിട്ടുള്ള ദർഘാസുകാരെ മാത്രം ഉൾപ്പെടുത്തി ആദ്യം ലേലം നടത്തുന്നതും തുടർന്ന് പട്ടികയിൽ പറഞ്ഞിട്ടുള്ള സമയത്ത് ലഭിച്ച എല്ലാ ദർഘാസുകളും ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതുമാണ്. ആദ്യ തീയതിയിൽ ഏതെങ്കിലും തോട്ടത്തിന്റെ ദർഘാസ്/ലേലം നടക്കാതിരിക്കുകയോ ദർഘാസ്/ലേലം കൊള്ളാൻ ആരും തയ്യാറാകാതെ വരികയോ ഏതെങ്കിലും കാരണവശാൽ ദർഘാസ്/ലേലം റദ്ദു ചെയ്യപ്പെടുകയോ അന്നേ ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുകയോ ചെയ്താൽ പട്ടികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അടുത്ത ദിവസങ്ങളിൽ അതേ സ്ഥലത്തും സമയത്തും ദർഘാസ്/ലേലം നടത്തുതാണ്. വനം വകുപ്പിൽ നിലവിലുള്ള എല്ലാ ലേലവ്യവസ്ഥകളും ഈ ദർഘാസ്/ലേലത്തിൽ ബാധകമാണ്.

കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ ബന്ധപ്പെട്ട റെയിഞ്ചാഫീസുകളിൽ നിന്നോ അറിയാവുതാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

തൃശ്ശൂർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക 1

ക്രമ നം.	തോട്ടത്തിന്റെ പേര്	ഉദ്ദേശ വിസ്തീർണ്ണം (ഹെക്ടറിൽ)	മരങ്ങളുടെ എണ്ണം	ഉദ്ദേശം ലഭിക്കാവുന്ന തൂക്കം(കി.ഗ്രാം)
മച്ചാട് റെയ്ഞ്ച്				
	1959- കോളത്താശ്ശേരി-നെല്ലിക്കുന്ന്-മാരാത്തുകുന്ന്	**101.21 Ha**	**470**	**20**

പട്ടിക 2

ദർഘാസ് ഫോറം ലഭിക്കുന്ന തീയതി/സമയം	മുദ്ര വച്ച കവറിൽ പൂരിപ്പിച്ച ദർഘാസുകൾ ലഭിക്കേണ്ട അവസാന തീയതി/സമയം	ദർഘാസ്/ലേലം തുറക്കുന്ന / നടത്തുന്ന തീയതി/സമയം
2026 ഫെബ്രുവരി **18-** ന് ഉച്ചയ്ക്ക് **1** മണി വരെ	**2026** ഫെബ്രുവരി **18-** ന് ഉച്ച കഴിഞ്ഞ് **3** മണി വരെ	**2026** ഫെബ്രുവരി **18-** ന് ഉച്ച കഴിഞ്ഞ് **3.30 -** ന്
2026 ഫെബ്രുവരി **21-**ന് ഉച്ചയ്ക്ക് **1** മണി വരെ	**2026** ഫെബ്രുവരി **21-** ന് ഉച്ച കഴിഞ്ഞ് **3** മണി വരെ	**2026** ഫെബ്രുവരി **21-** ന് ഉച്ച കഴിഞ്ഞ് **3.30 -** ന്
2026 ഫെബ്രുവരി **25-** ന് ഉച്ചയ്ക്ക് **1** മണി വരെ	**2026** ഫെബ്രുവരി **25-** ന് ഉച്ച കഴിഞ്ഞ് **3** മണി വരെ	**2026** ഫെബ്രുവരി **25-** ന് ഉച്ച കഴിഞ്ഞ് **3.30 -** ന്

നിരതദ്രവ്യം: **5000/-** രൂപ ഓരോ തോട്ടത്തിനും

ദർഘാസ് ഫോറത്തിന്റെ വില: **400/-** രൂപ+ ജി.എസ്.ടി- **18%** ഓരോ തോട്ടത്തിനും

കരാറിൻറെ കാലാവധി - ഉടമ്പടി തീയതി മുതൽ **30.06.2025** വരെ

ദർഘാസ്/ലേലം നടത്തു സ്ഥലം - ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് തൃശ്ശൂർ

കെ ജെ മാർട്ടിൻ ലോവൽ ഐ.എഫ്.എസ്
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കു വേണ്ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിൻഡോ പരസ്യം

1. വകുപ്പ് : വനം വകുപ്പ്

2. ദർഘാസ് നമ്പർ : **KFDDO/66767/2024-DFO TSR/TA2**

3. ഓഫീസ് മേൽ വിലാസം : ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, തൃശ്ശൂർ ഡിവിഷൻ, അയ്യന്തോൾ
ഫോൺ നമ്പർ: **0487-361268**
ഇ-മെയിൽ : **dfo-tsr.for@ kerala.gov.in**

4. ഉദ്ദേശം : തൃശ്ശൂർ ഫോറസ്റ്റ് ഡിവിഷനിലെ പട്ടിക്കാട്, വടക്കാഞ്ചേരി, മച്ചാട്, റെയിഞ്ചുകളിലെ കശുമാവിൻ തോട്ടങ്ങളിൽ നിന്നും **30.6.2026** വരെയുള്ള കാലത്തേക്ക് കശുവണ്ടി ശേഖരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് വിൽക്കുന്നതിന്

5. നിരതദ്രവ്യം : **5000/-** രൂപ ഓരോ തോട്ടത്തിനും

6. ദർഘാസ് ഫോറത്തിന്റെ വില: **400/-** രൂപ+ ജി.എസ്.ടി- **18%** ഓരോ തോട്ടത്തിനും

7. ദർഘാസ്/ലേലം നടത്തു സ്ഥലം: ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് തൃശ്ശൂർ

ദർഘാസ് ഫോറം ലഭിക്കുന്ന തീയതി/സമയം	മുദ്ര വച്ച കവറിൽ പൂരിപ്പിച്ച ദർഘാസുകൾ ലഭിക്കേണ്ട അവസാന തീയതി/സമയം	ദർഘാസ്/ലേലം തുറക്കുന്ന / നടത്തുന്ന തീയതി/സമയം
2026 ഫെബ്രുവരി **18**- ന് ഉച്ചയ്ക്ക്**1** മണി വരെ	**2026** ഫെബ്രുവരി **18**- ന് ഉച്ച കഴിഞ്ഞ് **3** മണി വരെ	**2026** ഫെബ്രുവരി **18**- ന് ഉച്ച കഴിഞ്ഞ് **3.30** - ന്
2026 ഫെബ്രുവരി **21**-ന് ഉച്ചയ്ക്ക്**1** മണി വരെ	**2026** ഫെബ്രുവരി **21**- ന് ഉച്ച കഴിഞ്ഞ് **3** മണി വരെ	**2026** ഫെബ്രുവരി **21**- ന് ഉച്ച കഴിഞ്ഞ് **3.30** - ന്
2026 ഫെബ്രുവരി **25**- ന് ഉച്ചയ്ക്ക്**1** മണി വരെ	**2026** ഫെബ്രുവരി **25**- ന് ഉച്ച കഴിഞ്ഞ് **3** മണി വരെ	**2026** ഫെബ്രുവരി **25**- ന് ഉച്ച കഴിഞ്ഞ് **3.30** - ന്

കെ ജെ മാർട്ടിൻ ലോവൽ ഐ.എഫ്.എസ്.
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തൃശ്ശൂർ
(കേരള ഗവർണ്ണർ[illegible]ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വ്യവസ്ഥകൾ

1. ദർഘാസ് ഫോറങ്ങൾ ആവശ്യമുള്ളവർ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ അവരവരുടെ സ്ഥിരമായ മേൽ വിലാസവും കൈയൊപ്പും സാക്ഷ്യപ്പെടുത്തിയ ബന്ധപ്പെട്ട വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റോ ഇലക്ഷൻ കമ്മീഷൻ നൽകിയിട്ടുള്ള ഐഡന്റിഫിക്കേഷൻ കാർഡോ സഹിതം രേഖാമൂലം തൃശ്ശൂർ ഡിവിഷൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷിക്കേതാണ്.

2. ഓരോ തോട്ടത്തിനും ദർഘാസ് പ്രത്യേകം സമർപ്പിക്കുകയും ദർഘാസിനോടൊപ്പം പ്രത്യേക നിരതദ്രവ്യം കെട്ടിവെയ്ക്കേണ്ടതും ആയത് പണമായി സ്വീകരിക്കേതുമാണ്. നിശ്ചിത സമയത്തിനു ശേഷവും ആവശ്യമായ നിരതദ്രവ്യം ഒടുക്കാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

3. ദർഘാസുകൾ വെച്ച ലേലക്കാരെ മാത്രം ഉൾപ്പെടുത്തി പട്ടികയിൽ പറയുന്ന ദിവസങ്ങളിൽ ലേലം നടത്തുന്നതാണ്.

4. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം/ദർഘാസ് വിളിക്കുന്ന ആളുടെ പേരിൽ ലേലം ഉറപ്പിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവും കൂടാതെ ലേലം ദർഘാസ് അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഏതെങ്കിലും തോട്ടം ലേലത്തിൽ നിന്നും ഒഴിവാക്കുന്നതിനോ ഉൾപ്പെടുത്തുന്നതിനോ തോട്ടത്തിന്റെ വിസ്തീർണ്ണത്തിലോ കശുമാവ് മരങ്ങളുടെ എണ്ണത്തിനോ ഉള്ള മാറ്റമോ ലേല സമയത്ത് പ്രഖ്യാപിക്കാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

5. ലേലത്തുക, (പതിനായിരം) രൂപയോ അതിൽ കുറവോ ആണെങ്കിൽ മുഴുവൻ തുകയും ലേലദിവസം അടയ്ക്കേണ്ടതാണ്. ലേലത്തുക, (പതിനായിരം) രൂപയിൽ കൂടുതലാണെങ്കിൽ ലേലം കൊണ്ടയാൾ ലേലത്തുകയുടെ ഭാഗമോ, രൂപയോ ഏതാണ് കൂടുതൽ തുക എന്ന് കണക്കാക്കി ഓരോ തോട്ടത്തിനും അപ്പോൾ തന്നെ കെട്ടി വയ്ക്കേണ്ടതാണ്. ആയതിന് വീഴ്ച വരുത്തിയാൽ നിരതദ്രവ്യം സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതിനും കശുവണ്ടി ശേഖരണത്തിനുള്ള അവകാശം വീഴ്ചക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും. ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാൽ ഉടനെ മടക്കി നൽകുന്നതാണ്.

6. ദർഘാസ്/ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ബാക്കി ലേലത്തുകയും, നിലവിലുള്ള നിരക്ക് പ്രകാരമുള്ള വനവികസന നികുതി,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in

സർചാർജ്ജ്, വന വികസന നികുതി, ജി.എസ്.ടി എന്നിവയും **10%** വരുന്ന തുക സെക്യൂരിറ്റിയായും (കുറഞ്ഞത് **500** രൂപ) **200/-** രൂപ മുദ്രപത്രത്തിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഉടമ്പടി വെയ്ക്കേതാണ്. മേൽപ്പറഞ്ഞ കാലാവധിക്കകം ബാക്കി സംഖ്യയും നികുതികളും സെക്യൂരിറ്റിയും അടയ്ക്കാൻ വീഴ്ച വരുത്തിയാൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ദർഘാസ് ലേലം നടത്തുന്നതും അതിൽ വച്ചുണ്ടാകുന്ന നഷ്ടത്തിന് ആദ്യ ദർഘാസുകാരൻ/ലേലക്കാരൻ ഉത്തരവാദിയാകുന്നതും ലാഭം കിട്ടിയാൽ ടിയാന് അവകാശമില്ലാത്തതും നഷ്ടം വരുത്തിയ തുക കുടിശ്ശികയായി പരിഗണിച്ച് നിശ്ചിത തീയ്യതിക്കകം ഒടുക്കിയില്ലെങ്കിൽ നിലവിലുള്ള റവന്യൂ റിക്കവറി ആക്ട് അനുസരിച്ചോ യുക്തമായ മറ്റു മാർഗ്ഗങ്ങളിലൂടെയോ ടിയാനിൽ നിന്നും ഈടാക്കുന്നതാണ്. തുക മുഴുവൻ അടക്കുകയും സെക്യൂരിറ്റി നിക്ഷേപിക്കുകയും എന്നാൽ ഉടമ്പടി വയ്ക്കുന്നതിന് സാധിക്കാതെ വരികയും ചെയ്താൽ ദിവസം ഒന്നിന് **10/-** രൂപ വീതം പിഴ ഈടാക്കി ഉടമ്പടി വെയ്ക്കുന്നതിന് **15** ദിവസം കൂടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിയ്ക്കാവുന്നതാണ്.

7. ലേലക്കാരൻ കേന്ദ്ര സർക്കാരിന്റെ **1975** -ലെ ഫൈനാൻസ് ആക്ട് പ്രകാരമുള്ള ആദായ നികുതിയും സർചാർജ്ജും കേരള സർക്കാരിന്റെ നിലവിലുള്ള നിയമ പ്രകാരം വരുന്ന വനവികസന നികുതി, ജി.എസ്.ടി എന്നിവ അടയ്ക്കുവാനും സെക്യൂരിറ്റി നിക്ഷേപിച്ച് ഉടമ്പടിയിൽ ഏർപ്പെടുവാനും ബാദ്ധ്യസ്ഥനാണ്. കൂടാതെ സർക്കാർ അതാതു കാലങ്ങളിൽ നിശ്ചയിക്കുന്ന നികുതികൾ അതാതു നിരക്കിൽ അടയ്ക്കുവാൻ ലേലക്കാരൻ ബാദ്ധ്യസ്ഥനാണ്.

8. ലേലത്തിനു മുൻപ് തോട്ടങ്ങൾ പരിശോധിച്ച് മരങ്ങളുടെ എണ്ണം, വിളവ്, തരം, മതിപ്പ് എന്നിവ ബോദ്ധ്യപ്പെടേണ്ടതും അതു സംബന്ധിച്ച് ലേലത്തിനു ശേഷമുള്ള ഒരു പരാതിയും പരിഗണിക്കപ്പെടാത്തതുമാകുന്നു.

9. തോട്ടങ്ങളിൽ ശേഖരിക്കുന്ന കശുവണ്ടി **1977**-ലെ കേരള കാഷ്യൂനട്ട് മാർക്കറ്റിംഗ് ഡിസ്ട്രിബ്യൂഷൻ ഓർഡർ അനുസരിച്ച് സർക്കാർ അപ്പോഴപ്പോൾ നിശ്ചയിക്കുന്ന വിലയ്ക്കനുസരിച്ച് കേരള മാർക്കറ്റിംഗ് ഫെഡറേഷനോ അല്ലെങ്കിൽ ഫെഡറേഷന്റെ ഏജന്റുമാർക്കോ അല്ലെങ്കിൽ മറ്റ് ഏജൻസികൾക്കോ വിൽക്കേണ്ടതാണ്.

10. കശുവണ്ടി ശേഖരിച്ചതിന്റെ വിവരങ്ങൾ അടങ്ങിയ പ്രതിമാസ സ്റ്റേറ്റ്മെന്റ് ഓരോ മാസവും അഞ്ചാം തീയ്യതിയോ അതിനു മുൻപോ കരാറുകാരൻ ബന്ധപ്പെട്ട റെയ്ഞ്ച് ഓഫീസർക്ക് സമർപ്പിക്കേണ്ടതും, വീഴ്ച വരുത്തുന്ന പക്ഷം 75/- രൂപ വീതം ഓരോ മാസത്തിനും പിഴ ഈടാക്കുന്നതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

11. കശുവണ്ടി ശേഖരിച്ച് കൊണ്ടു പോകുന്നതിന് ബന്ധപ്പെട്ട റെയ്ഞ്ച് ഓഫീസറിൽ നിന്നും നിയമാനുസൃതം പാസ്സ് വാങ്ങേണ്ടതാണ്.

12. മറ്റ് ബാദ്ധ്യതകൾ ഒന്നും ഇല്ലെങ്കിൽ ജി.എസ്.ടി, ആദായനികുതി എന്നിവയുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ കരാറിന്റെ കാലാവധി കഴിഞ്ഞ് **3** മാസങ്ങൾക്കകം ഹാജരാക്കിയാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകുന്നതാണ്.

13. 09.03.1976 -ലെ സർക്കാർ ഗസറ്റിൽ പരസ്യം ചെയ്തിട്ടുള്ള ജി.ഒ.(പി)**62/76**/എഡി തിയതി **23.02.1976** - ലെ നിയമം ഈ ദർഘാസ് ലേല/വ്യവസ്ഥകൾ അടങ്ങുന്ന നോട്ടിഫിക്കേഷൻ വായിച്ച് മനസ്സിലാക്കി ഒപ്പിടുന്ന ഏതൊരു വ്യക്തിക്കും ബാധകമായിരിക്കുന്നതാണ്.

14. ലേലം കൊള്ളുന്ന തോട്ടങ്ങളിൽ തീ കയറി നാശനഷ്ടങ്ങൾ ഉണ്ടായാലും കേരളാ ഫോറസ്റ്റ് ആക്ട് പ്രകാരമുള്ള മറ്റ് വന കുറ്റകൃത്യങ്ങൾ ഉണ്ടായാലും കശുമാവുകൾക്കും ചെടികൾക്കും കേടുപാടുകൾ സംഭവിച്ചാലും ദർഘാസുകാരൻ/ ലേലക്കാർ ഉത്തരവാദിയാകുന്നതാണ്.

15. ദർഘാസ് ലേലത്തിന് പട്ടികയിൽ കാണിച്ചിരിക്കുന്ന കായ്ക്കുന്ന കശുമാവുകളുടെ എണ്ണം ഉദ്ദേശം മാത്രമാണ്.

16. നിയമാനുസൃതമായ പോസ്റ്റ് ഓഫർ വല്ലതും ഉണ്ടെങ്കിൽ ആയത് ദർഘാസ്/ലേലം കഴിഞ്ഞ് **7** ദിവസത്തിനകം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സ്വീകരിക്കുന്നതാണ്.

(എ). ദർഘാസ്/ലേലത്തിൽ വാശാനം ചെയ്തിട്ടുള്ള തുക ഒരു ലക്ഷത്തിൽ കൂടുതലാണെങ്കിൽ **10** ശതമാനത്തിലും ഒരു ലക്ഷമോ അതിൽ താഴെയോ ആണെങ്കിൽ **20** ശതമാനത്തിലും കൂടുതലായിട്ടുള്ള വാശാനങ്ങളേ സ്വീകരിക്കുകയുള്ളൂ.

(ബി). ദർഘാസ്/ലേല ദിവസം പ്രസ്തുത ബ്ലോക്കിനു വേണ്ടി അടച്ചിട്ടുള്ള തുകയുടെ ഇരട്ടി ഡിമാന്റ് ഡ്രാഫ്റ്റായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ അതാതു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിന്റെ പരിധിയിൽ മാറത്തക്കവിധം അടയ്ക്കേതാണ്.

(സി). ഇതിലേയ്ക്കായി പ്രത്യേക ഉടമ്പടി വയ്ക്കേണ്ടതാണ്.

(ഡി). മേൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് അനുസൃതമായി പോസ്റ്റ് ഓഫർ സമർപ്പിക്കുന്ന വ്യക്തിയുടെ അടച്ച തുക മുഴുവൻ സെക്യൂരിറ്റി ഡെപ്പോസിറ്റായി കണക്കാക്കി പൊതു ദർഘാസ് ലേലം വീണ്ടും നടത്തുന്നതാണ്. പ്രസ്തുത ദർഘാസ്/ലേലത്തിൽ ലഭിക്കുന്ന ഏറ്റവും കൂടിയ തുക പോസ്റ്റ് ഓഫർ തുകയേക്കാൾ കുറവാണെങ്കിൽ പോസ്റ്റ് ഓഫറിൽ വാശാനം ചെയ്തിട്ടുള്ള തുകയ്ക്ക് ദർഘാസ് ലേലം ഉറപ്പിക്കുന പോസ്റ്റ് ഓഫർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സമർപ്പിച്ച വ്യക്തി അടച്ചിട്ടുള്ള മുഴുവൻ തുകയും സർക്കാരിലേയ്ക്ക് വസൂൽ ചെയ്യുന്നതാണ്. എന്നാൽ ദർഘാസ്/ലേലത്തിൽ കിട്ടുന്ന തുകയാണ് കൂടുതലെങ്കിൽ കൂടുതൽ തുകയ്ക്ക് ദർഘാസ് ലേലം കൊണ്ട വ്യക്തിയുടെ പേരിൽ ദർഘാസ് ലേലം സ്ഥിരപ്പെടുത്തുന്നതും പോസ്റ്റ് ഓഫർ സമർപ്പിച്ചിട്ടുള്ള വ്യക്തി അടച്ചിട്ടുള്ള മൊത്തം തുകയും മടക്കി കൊടുക്കുന്നതുമാണ്.

17. ദർഘാസ്/ലേലം സ്ഥിരീകരണ തിയതി മുതൽ **15** ദിവസത്തിനുള്ളിൽ ബാക്കി ദർഘാസ്/ലേലത്തുകയും മുഴുവൻ നികുതികളും അടക്കുവാനുള്ള സമയപരിധിയായി നിശ്ചയിച്ചിരിക്കുന്നു. ഈ തിയതിക്കു ശേഷം പലിശയോടു കൂടിയോ, പിഴ പലിശയോടു കൂടിയോ പണം ഒടുക്കുവാനുള്ള അവസരം നൽകുന്നതല്ല.

18. കശുവണ്ടി ശേഖരിക്കുമ്പോൾ കശുമാവുകൾക്കും ശിഖരങ്ങൾക്കും യാതൊരു കേടുപാടും ഉണ്ടാകാൻ പാടില്ലാത്തതും അപ്രകാരം എന്തെങ്കിലും ഉണ്ടായാൽ ദർഘാസുകാരൻ/ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും ആയതു മൂലം ഉണ്ടാകുന്ന നഷ്ടത്തിന് ദർഘാസുകാരൻ/ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതുമാണ്.

19. ദർഘാസ്/ലേലം സംബന്ധിച്ച് കൂടുതൽ വ്യവസ്ഥകൾ എന്തെങ്കിലും ചേർക്കണമെന്നുണ്ടെങ്കിൽ ലേല സമയത്ത് ചേർക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നോ വടക്കാഞ്ചേരി / മച്ചാട് / പട്ടിക്കാട് റെയ്ഞ്ച് ഓഫീസുകളിൽ നിന്നോ അറിയാവുന്നതാണ്.

(ഒപ്പ്)

കെ ജെ മാർട്ടിൻ ലോവൽ ഐ എഫ് എസ്

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തൃശ്ശൂർ

(കേരള ഗവർണ്ണർക്കു വേണ്ടി)

സ്ഥലം : തൃശ്ശൂർ

തിയതി : **11.02.2026**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള വനംവകുപ്പ്
പാലക്കാട് വനം ഡിവിഷൻ

ഇ – ലേല പരസ്യം

ഒ2 – 3829/22 **തീയതി : 13/02/2026**

പാലക്കാട് ഡിവിഷൻ ഒറ്റപ്പാലം റെയിഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒ.ആർ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളതും കേരള വനം നിയമം 61 എ പ്രകാരം കണ്ടുകെട്ടിയതുമായ താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന വാഹനങ്ങൾ ചുവടെ ചേർത്ത തീയതികളിൽ ഉച്ചയ്ക്ക് 12 മണിമുതൽ 4.30 വരെയുള്ള സമയത്ത് ഇ-ലേലം നടത്തുന്നതായിരിക്കും. MSTC Ltd കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദവിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടാതെ 0491-2555156 എന്ന നമ്പറിൽ ബന്ധപ്പെടുക.

പട്ടിക- 1

1	ബജാജ് ഓട്ടോ (ഡീസൽ)	KL-51-B-2694	ഒറ്റപ്പാലം റെയിഞ്ചാഫീസ് കോമ്പൗണ്ട്	61 (എ) പകാരം സർക്കാരിലേക്ക് കണ്ടു കെട്ടിയ വാഹനം
2	ബജാജ് ഡിസ്കവർ മോട്ടോർ സൈക്കിൾ	KL-51- B-8300	ഒറ്റപ്പാലം റെയിഞ്ചാഫീസ് കോമ്പൗണ്ട്	
3	യമഹ എഫ് സെഡ് ഫസർ മോട്ടോർ സൈക്കിൾ	KL -52 -H -3922	ഒറ്റപ്പാലം റെയിഞ്ചാഫീസ് കോമ്പൗണ്ട്	
4	ബജാജ് പൾസർ മോട്ടോർ സൈക്കിൾ	KL- 51- E- 5634	ഒറ്റപ്പാലം റെയിഞ്ചാഫീസ് കോമ്പൗണ്ട്	
5	യമഹ **FZS** മോട്ടോർ സൈക്കിൾ	KL-51-E-1490	ഒറ്റപ്പാലം റെയിഞ്ച് കോമ്പൗണ്ട്	

നിരതദ്രവ്യം ഒടുക്കേണ്ട അവസാന തിയതി, സമയം – 09.03.2026 ഉച്ചക്ക് 1.30 മണിമുതൽ 10.03.2026 രാവിലെ 10.30 മണി വരെ മാത്രം

ഇ-ലേല തിയതി
- 10.03.2026 ഉച്ചയ്ക്ക് 12 മണി മുതൽ 4.30 വരെ
- 19.03.2026 ഉച്ചയ്ക്ക് 12 മണി മുതൽ 4.30 വരെ
- 30.03.2026 ഉച്ചയ്ക്ക് 12 മണി മുതൽ 4.30 വരെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

16.12.2013-ലെ 49-ാം നമ്പർ കേരള ഗസറ്റിൽ പേജ് നമ്പർ 815-ലെ വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ച തിരുവനന്തപുരം സംരക്ഷണ വിഭാഗം അസിസ്റ്റന്റ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 22.11.2013-ലെ പ്രൊ(5)-26274/2012-ാം നമ്പർ വിജ്ഞാപന പ്രകാരമുള്ള ലേലവ്യവസ്ഥകളും നിലവിലുള്ള മറ്റുവിവരങ്ങളും ഈ ഇ-ലേലത്തിനും ബാധകമായിരിക്കുന്നതാണ്.

മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവയിൽ ഏതെങ്കിലും വാഹനം വിൽക്കാതിരിക്കുന്നതിനുള്ള അധികാരം പാലക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും. ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ എം.എസ്.റ്റി.സി.യിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നയാളുടെ രജിസ്ട്രേഷൻ നമ്പർ, നിരതദ്രവ്യം അടക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. നിരതദ്രവ്യം മുൻകൂർ അടക്കുന്ന ലേലക്കാരന് മാത്രമേ ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. മുകളിലെ പട്ടികയിൽ രേഖപ്പെടുത്തിയ സമയപരിധിയ്ക്കകം നിരതദ്രവ്യം ഒടുക്കുന്ന ലേലക്കാരെ മാത്രമേ ലേലത്തിൽ പങ്കെടുപ്പിക്കുകയുള്ളു.

വിജയിക്കുന്ന ലേലക്കാരൻ ഇ-ലേലതുകയുടെ 50% വരുന്ന തുക (EMD കഴിച്ച് ബാക്കി) ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 ദിവസങ്ങൾക്കകം അടക്കേണ്ടതാണ്. ടി തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനത്തി ലൂടെയോ പാലക്കാട് ജില്ലാ ട്രഷറിയിൽ പണമായോ അടക്കേണ്ടതാണ്. വിജയിയായ ലേലക്കാരൻ നിയമ പ്രകാരവും കാലാകാലങ്ങളിൽ നിലവിലുള്ളതുമായ ജി.എസ്.ടി യഥാസമയം അടക്കേണ്ടതുണ്ട്.

ഇ-ലേലപ്രമാണങ്ങളും ഇ-ലേല ഷെഡ്യൂളുകളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. എല്ലാ ഇ-ലേല പ്രമാണങ്ങളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺ ലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ലേല പ്രമാണങ്ങൾ www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ ഓൺ ലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ഇ-ലേലപ്രമാണങ്ങൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ഇ-ലേല പ്രമാണത്തോടൊപ്പം സ്കാൻ ചെയ്ത ബന്ധപ്പെട്ട രേഖകൾ ഓൺലൈനായി സമർപ്പിക്കാത്തതും അവയുടെ ഒറിജിനൽ തുറക്കുന്നതിന് മുമ്പ് സമർപ്പിക്കാത്തതുമായ ഇ-ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതുമാണ്. ഇ- ലേലവുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ എം.എസ്.റ്റി.സി.യിൽ www.mstcecommerce.com എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന Help Desk –ൽ നിന്നോ ഓഫീസ് സമയത്ത് ഈ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഓഫീസിൽ നിന്നോ ഒലവക്കോട്, വാളയാർ, ഒറ്റപ്പാലം റെയിഞ്ചോഫീസുകളിൽ നിന്നോ അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (ലേലക്കാരൻ ഇടപാടുനടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും ഇ-മെയിൽ അഡ്രസ്സും) ഇ- ലേലത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ഇ-ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതാണ്. ലേലക്കാർ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

ടി ഇ- ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കൈയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങി ഇ-ലേലത്തിന് നിരതദ്രവ്യം കെട്ടിവെയ്ക്കുന്നതിനോടൊപ്പം ഓൺലൈനായി ഹാജരാക്കേണ്ടതാണ്. നിയമാനുസൃത തിരിച്ചറിയൽ കാർഡോ, സർട്ടിഫിക്കറ്റോ ഇല്ലാത്തവരുടെ ഇ-ലേല പ്രമാണങ്ങൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ടി ഇ- ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി വാഹനങ്ങളുടെ ഗുണനിലവാരം നേരിൽ കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ഈ വിജ്ഞാപന തീയ്യതിക്ക് മുമ്പായി ദർഘാസ്/ലേലം സംബന്ധമായി സർക്കാർ ഉത്തരവുകൾ എന്തെങ്കിലും ഉണ്ടായാൽ ആയതും ടി ഇ-ലേലത്തിന് ബാധകമായിരിക്കും. പട്ടികയിൽ കാണിച്ചിരിക്കുന്ന തീയ്യതിയിൽ നടക്കുന്ന ഇ-ലേലത്തിൽ വിറ്റ് പോകാത്ത വാഹനങ്ങൾ പട്ടികയിൽ കാണിച്ചിട്ടുള്ള അടുത്ത ലേല തീയ്യതിയിൽ തന്നെ ഇ-ലേലം നടത്തുന്നതാണ്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച കേസ്സിലെ വാഹനങ്ങളും ഇ-ലേലത്തിൽ ഉൾപ്പെടുത്തുന്നതായിരിക്കും. ഇതിനായി മറ്റൊരു ഇ-ലേലപരസ്യം പ്രസിദ്ധപ്പെടുത്തുന്നതല്ല.

കൂടുതൽ വിവരങ്ങൾ പാലക്കാട് ഡിവിഷൻ, (ഫോൺ : 0491 2555156), ഒലവക്കോട് റെയിഞ്ച്, (ഫോൺ : 8547602072), ഒറ്റപ്പാലം റെയിഞ്ച് (ഫോൺ - 8547602087) ഓഫീസിൽ നിന്ന് പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

ഒപ്പ്/-
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
പാലക്കാട്
(കേരള ഗവർണർക്കുവേണ്ടി)

പാലക്കാട്
13.02.2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

KERALA FOREST DEPARTMENT
PALAKKAD FOREST DIVISION

E-AUCTION SALE NOTIFICATION

O2 – 3829/22 **Dated : 13/02/2026**

The following condemned/confiscated vehicles will be offered for sale by e-auction at Palakkad Division. The e-auction will be conducted by MSTC Ltd. Those who are registered for auction with MSTC Company only can have the right to participate in e-auction. Further details can be had from the website www.mstcsecommerce.com or phone No. 0491 2555156.

Schedule

Sl. No	Type of vehicle	Reg. No	Location	Remarks
1	Bajaj Auto (Diesel)	KL-51-B-2694	Ottapalam Range	Confiscated vehicle under 61 (A)
2	Bajaj Discover Motor cycle	KL-51- B-8300	Ottapalam Range	
3	Yamaha FZ Fazar Motor Cyle	KL -52 -H -3922	Ottapalam Range	
4	Bajaj Pulser Motor Cyle	KL- 51- E- 5634	Ottapalam Range	
5	Yamaha FZS Motor Cycle	KL-51-E-1490	Ottappalam Range	

EMD remitted date and time : Date 09.03.2026 at 01.30 pm to 10.03.2026 till 10.30 am

Date of e-auction	10.03.2026, 12 pm to 4.30 pm
	19.03.2026 12 pm to 4.30 pm
	30.03.2026 12 pm to 4.30 pm

The sale will be subjected to the conditions notified page No. 815 of 49th Gazette dated 16.12.2013 published by Additional Principal Chief Conservator of Forest (Protection), Thiruvananthapuram vide letter No. Pro (5) 26274/2012 dated 22.11.2013. The existing rules and sale conditions are also applicable to this e-auction.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

The Divisional Forest Officer, Palakkad reserves all the right to include or exclude any vehicles shown in the schedule above for sale. Those who wish to participate in the e-auction may register with MSTC Ltd. The buyer registration number has to be mentioned while paying the EMD. If the sale value of vehicles is not paid within the specified time period against any of the bid vehicle by the Highest, bidder, the EMD will be forfeited.

The successful bidder shall pay 50% of the bid value after adjusting the EMD already remitted, paid within 7 working days of issuance of acceptance letter. The mode of payment is through e-treasury of Government of Kerala or by cash in District Treasury, Palakkad. The successful bidder shall be paid the GST with in time.

E-Auction document and connected records are available in the website: www.mstcecommerce.com. All bids/e-auction documents are to be submitted online only and in the designated online cover(s) on the www.mstcecommerce.com website and e-auction document submitted manually/through post will not be entertained.

Online e-auction bids are to be accompanied with relevant documents. E-auction/bids received online without the scanned copies of relevant documents will not be considered and shall be summarily rejected. Any further clarification on this e-auction can be obtained from NIC/the e-auction help desk number available in the www.mstcecommerce.com website and from the Office of the Divisional Forest Officer, Palakkad/ Office of the Range Forest Officer, Olavakkode, Ottappalam during the office hours. The details regarding e-payment (Bidders Bank account number, where he/she is having core banking facility and email ID) should be submitted along with the e-auction document. E-auction documents without these details will not be accepted. Technical bid and financial bid shall be submitted in their respective designated online covers. The Forest department will not be responsible for any inconvenience or loss to the bidder while uploading /downloading the bid.

The bidders who wish to participate in the e-auction should produce a certificate showing the permanent address and signature of the bidders duly attested by the concerned Village Officer, or any other approved identity document along with the EMD through online. Those who do not produce any approved identity card or certificate will not be eligible to participate in the e-auction.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Intending persons may ensure the quality of the above vehicles put up for e-auction before the commencement of the same and no complaints will be entertained after e-auction. Any further notification to the sale conditions that may be issued by the Government after the issuance of this notification will also be applicable to this tender cum auction. The unsold vehicles will be sold on the next auction date shown in the schedule. The vehicles involved in the finalize cases if any will also be included for e-auction. Separate notification will not be published for the same.

If any modification or change in the sale condition are intimated by the Additional Principal Chief Conservator of Forest (Protection), Thiruvananthapuram that will also be applicable to this E-Auction. The undersigned reserves the right to alter the number of vehicles mentioned above schedule or to cancel the e-auction of any vehicle without further notice

Further details and information can be had from Divisional Forest Office, Palakkad (Phone : 0491-2555156), Range Office, Olavakkode (Phone: 8547602072) Range Officer, Ottappalam (Phone - 8547602087) during working hours.

Palakkad
13.02.2026

Sd/-
Divisional Forest Officer
Palakkad
(For and on behalf of the Governor of Kerala)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.17 03:14:32 +05:30